
# WORLD



# FINGERS

LITTLEKITES

# *Little Kites – GHSS Mathil*
## *(Unit No.LK/2018/13092)*




***GHSS Mathil, Mathil PO, Kannur-670307, Ph:04985280800 email: mathil13092@gmail.com***

# EDITORIAL

## Chief Editor

Bharathan P (Headmaster)

## Staff Editor

Mini P (Senior Assistant)

## Student Editor

Dija K

## Editorial Board

Prasad K (Kite Master)
Sruthi C A (Kite Mistress)
Karthika P
Malavika Mohan
Gopika K
Sreya E
Anamika A

# എഡിറ്റോറിയൽ

മാത്തിൽ ഗവ. ഹയർ സെക്കന്ററി സ്ക്കൂളിലെ 'Little kites' club ന്റെ 'e-മാഗസിൻ' എഡിറ്ററായി എന്നെ തിരഞ്ഞെടുത്തതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്.

'WORLD @ FINGERS' എന്ന് നാമകരണം ചെയ്ത little kites ന്റെ നേതൃത്വത്തിലുള്ള e-മാഗസിൻ സ്ക്കൂളിന്റെ വികസന പ്രവർത്തനങ്ങൾക്കുള്ള ഒരു നാഴികക്കല്ലാണെന്ന് മാത്രമല്ല ഇതിനു പിറകിൽ പ്രവർത്തിച്ചത് നമുക്ക് സന്തോഷവും സംതൃപ്തിയും നൽകുന്നു എന്നത് കൂടി എടുത്തു പറയേണ്ട ഒരു കാര്യമാണ്.

ഐടി മേഖലയിൽ കുട്ടികളുടെ കഴിവ് തെളിയിക്കുന്ന ഒരു മാഗസിൻ കൂടിയാണ് ഇതെന്നുള്ളതിന് ഒരു സംശയവുമില്ല.

ഈ മാഗസീനിലേക്ക് സൃഷ്ടികൾ തന്ന് സഹായിച്ച എല്ലാ അധ്യാപകരേയും വിദ്യാർത്ഥികളെയും ഞാൻ അഭിനന്ദിക്കുന്നു.

**ദിജ. ടി. വി,**

**സ്റ്റുഡന്റ് എഡിറ്റർ**

# ആശംസ



വിദ്യാഭ്യാസമേഖലയിൽ വലിയൊരുകുതിച്ചു ചാട്ടം നടത്തിക്കൊണ്ടിരിക്കുകയാണ് ഇന്ന് കേരളം. വിവര സാങ്കേതിക വിദ്യയിൽ പാശ്ചാത്യനാടിനോടൊപ്പം കുടപിടിക്കാൻ ത്രാണിതേടി-ക്കൊണ്ടിരിക്കുകയാണ് നമ്മുടെ നാട്ടും. സമൂഹത്തിന്റെ നല്ല മാറ്റത്തിന് വിദ്യാഭ്യാസത്തിന്റെ സ്വാധീനം ഏറെയാണ്. സാമൂഹ്യ പുരോഗതി ലക്ഷ്യം വെച്ചുള്ള വിദ്യാഭ്യാസം മൂല്യാധിഷ്ഠിതവും കൂടിയായിരിക്കണം ; അത് സർഗാത്മകവുമായിരിക്കണം. ഇത്തരത്തിൽ വിദ്യാർത്ഥികളുടെയും അവർക്ക് ദിശാബോധം നൽകുന്ന അധ്യാപകരുടെയും കൂട്ടായ ശ്രമമാണ് ഏതൊരു വിദ്യാലയത്തിന്റെയും മികവ് തെളിയിക്കുന്നത്. സാങ്കേതിക വിദ്യ വികസിക്കുന്നതിനനുസൃതമായി അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും അധ്യാപന, പഠന രീതികളിലും വൈവിധ്യം വന്നിരിക്കുന്നു. ഇത്തരത്തിൽ സാങ്കേതിക വിദ്യ വശമാക്കിയ വിദ്യാർത്ഥി കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ്. ഇവരുടെ നേതൃത്വത്തിൽ തയ്യാറാക്കിയ ഇ-മാഗസിൻ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടാകുമെന്ന് പ്രത്യാശിക്കാം.

**ഭരതൻ പി (ഹെഡ്മാസ്റ്റർ)**

# ആശംസ




അവസരങ്ങൾ ലഭിച്ചാൽ വാനിൽ പറക്കൽ അസാധ്യമല്ല എന്ന് തെളിയിക്കുകയാണ് നമ്മുടെ കൊച്ചു കൂട്ടുകാർ. ലിറ്റിൽ കൈറ്റ്സ് എന്നത് വലിയൊരു സങ്കൽപ്പമാണ്. കേവലം റേഡിയോ പോലെ ഏകപക്ഷീയമായ കേൾവിക്കാരല്ല വിദ്യാർത്ഥികൾ എന്നത് ലിറ്റിൽ കൈറ്റ്സ് തെളിയിക്കുകയാണ്. ക്ലാസ്സ്മുറികളിലെ യാന്ത്രികതയെ മാറ്റി സജീവമാക്കുന്നതിൽ കൊച്ചുപട്ടങ്ങൾ കാണിക്കുന്ന മികവ് ശ്ലാഘനീയമാണ്. ഇത്തരം സജീവപ്രവർത്തനങ്ങൾ ഇവർക്ക് ഭാവിയിൽ സമൂഹത്തിൻെറ നേതൃപദവിയിലെത്താൻ ഉപകരിക്കുമെന്ന് പ്രത്യാശിക്കുന്നു.

ആശംസകളോടെ,

ശ്രീമതി പി. മിനി

(സീനിയർ അദ്ധ്യാപിക)

# OUR TEAM

BATCH 2018-20



BATCH 2019-21



BATCH 2019-22



# താളുകളിലൂടെ ......


എന്റെ വിദ്യാലയം....2

ഗ്രാമങ്ങൾ ഉണരുന്നു....6

എൻെറ മോഹം....7

സ്നേഹിതാ....8

തിര....10

കൊറോണ വൈറസ്....11

ചിറകില്ലാമൗനങ്ങൾ....14

സ്നേഹ നിധിയായ അമ്മ....15

മാതൃഭാഷ....16

ചങ്ങാതി....17

കൊച്ചു വരകൾ....18

APJ ABDUL KALAM:....22

കൊറോണ :....24

The Effects of Social Media on Students....26

Eldo Thomas's Photography....30

# എൻെറ വിദ്യാലയം













അക്ഷരങ്ങളുടെയും അറിവിന്റെയും ലോകം ജനസാമാന്യത്തിനു തുറന്നു നൽകുന്ന വിദ്യാലയങ്ങൾ ഓരോ നാടിന്റെയും സാംസ്കാരിക ചിഹ്നങ്ങളാണ്. അജ്ഞതയുടെ അന്ധകാരത്തിൽ നിന്നും അറിവിന്റെ വെളിച്ചത്തിലേക്ക് ജനങ്ങളെ കൈപിടിച്ചുയർത്തുന്ന വിദ്യാഭ്യാസ പ്രക്രിയ ഒരു സമൂഹത്തെയാകെ മാറ്റിമറിക്കുന്നു. 'വിദ്യാവിഹീന പശു' എന്ന വാക്യം വിദ്യാഭ്യാസത്തിന്റെ ഔന്നിത്യം നമ്മോട് വിളിച്ചോതുന്നു. ജനാധിപത്യപരവും വികസനോന്മുഖവുമായ വിദ്യാഭ്യാസം നേടുക എന്നത് ഏതൊരു പൗരന്റെയും അവകാശവും അത് നൽകുക എന്നത് സർക്കാറിന്റെ ചുമതലയും സമൂഹത്തിന്റെ ഉത്തരവാദിത്വവുമാണ്.

ആയിരങ്ങൾക്ക് അറിവിന്റെ ആദ്യാക്ഷരങ്ങൾ പകർന്നുനൽകുകയും വിവിധ രംഗങ്ങളിൽ മികവാർന്ന പ്രതിഭകളെ സൃഷ്ടിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്ന എം വി എം കുഞ്ഞിവിഷ്ണു നമ്പീശൻ സ്മാരക ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ ഈ പ്രദേശത്തിന്റെ മാർഗദീപവും അഭിമാനവുമാണ്.

## ചരിത്രം

മാത്തിലും പരിസരത്തുമുള്ള ജനങ്ങളുടെ വിദ്യാഭ്യാസം സാധിതമാക്കാനും പുരോഗമന പ്രസ്ഥാനങ്ങളിൽ പ്രവർത്തിച്ചു എന്നതിനാൽ സർട്ടിഫിക്കറ്റ് സസ്പെൻഡ് ചെയ്യപ്പെട്ട ജയിൽവാസം അനുഭവിക്കേണ്ടിവന്ന ശ്രീ എം രാഘവൻ നമ്പ്യാരെ പോലെയുള്ളവരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിന് വേണ്ടിയാണ് മാത്തിൽ ഹയർ എലിമെന്ററി സ്കൂൾ 1950 ൽ സ്ഥാപിതമായത്. കാങ്കോൽ ആലപ്പടമ്പ ഗ്രാമപഞ്ചായത്തിന്റെ പ്രഥമ പ്രസിഡൻറും ഈ നാടിന്റെ സർവോന്മുഖമായ വികസനത്തിന് അനുദിനം പ്രവർത്തിക്കുകയും ചെയ്തു ശ്രീ എം വി എം കുഞ്ഞിവിഷ്ണു നമ്പീശൻ ആണ് ഈ വിദ്യാലയം സ്ഥാപിച്ചത്.

1957 ൽ അധികാരത്തിൽവന്ന ശ്രീ ഇ എം എസ് നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള സർക്കാർ മലബാറിൽ 36 ഗവൺമെൻറ് ഹൈസ്കൂളുകൾ അനുവദിക്കാൻ തീരുമാനിച്ചു.തീരുമാനമനുസരിച്ച് മാത്തിലിൽ പുതിയ ഹൈസ്കൂൾ അനുവദിക്കണമെങ്കിൽ തന്റെ സ്കൂളിന്റെ പ്രവർത്തനം

അവസാനിപ്പിക്കണമെന്ന് ക്രാന്തദർശിയായ ശ്രീ കുഞ്ഞിവിഷ്ണു നമ്പീശൻ മനസ്സിലാക്കുകയും പുതിയ കെട്ടിടവും സ്ഥലവും സൗജന്യമായി നൽകാമെന്ന് സർക്കാറിനു ഉറപ്പുനൽകുകയും ആയതിൻ പ്രകാരം ഹൈസ്കൂൾ അനുവദിക്കപ്പെടുകയും ചെയ്തു. കാറ്റാടി സ്കൂൾ എന്നറിയപ്പെട്ട മാത്തിൽ ഹയർ എലിമെന്ററി സ്കൂളിന്റെ പ്രവർത്തനം അവസാനിപ്പിക്കുകയും അവിടെ പഠിച്ചിരുന്ന കുട്ടികളുടെ ടിസി പുതിയ സ്കൂളിലേക്ക് നൽകുകയും ചെയ്തു. അങ്ങനെ ആ ചരിത്രനിമിഷം, 1957 ജൂലൈ 13 ന് ശ്രീ പി ടി ഭാസ്കരപ്പണിക്കർ മാത്തിൽ ഗവൺമെൻറ് ഹൈസ്കൂൾ ഉദ്ഘാടനം ചെയ്തു.

പഴയ സ്കൂളിലും കട മുറികളിലും ലഭ്യമായ മറ്റു സ്ഥലത്തും 5 മുതൽ 11 വരെ ക്ലാസുകൾ പ്രവർത്തനം ആരംഭിച്ചു. ആലന്തട്ട മാത്തിൽ നാരായണൻ നമ്പീശനിൽ നിന്നും സൗജന്യമായി ലഭിച്ച 6 ഏക്കർ സ്ഥലവും അബ്ദുൾഖാദർ ഹാജി സൗജന്യമായി നൽകിയ സ്ഥലവും ഉൾപ്പെട്ട സ്കൂൾ സ്ഥലത്ത് ഒരു ഹാൾ നാട്ടുകാരുടെ സംഭാവനയായി നിർമ്മിക്കുകയും ചെയ്തു. തുടർന്ന് നാട്ടുകാരുടെയും സർക്കാറിന്റെയും ഫണ്ട് ഉപയോഗിച്ച് വിവിധ കെട്ടിടങ്ങൾ നിർമ്മിച്ചു .

1970 കളോടു കൂടി സ്ഥലപരിമിതിയും വിദ്യാർത്ഥികളുടെ ബാഹുല്യവും മൂലം ഷിഫ്റ്റ് സമ്പ്രദായത്തിലേക്ക് മാറിയ ഈ വിദ്യാലയം 1996 ൽ പൂർത്തിയായ, ശ്രീ ഇ കെ നായനാർ അനുവദിച്ച 16 മുറികളുള്ള ഇരുനില കെട്ടിടം വന്നതോടുകൂടി ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിച്ചു.

1998 ൽ സ്കൂൾ ഹയർസെക്കൻഡറിയായി ഉയർത്തപ്പെട്ടു. രണ്ട് സയൻസ് ബാച്ചും ഒരു കൊമേഴ്സ് ബാച്ചും അടക്കം അൻപത് കുട്ടികൾ വീതമുള്ള മൂന്നു ബാച്ചുകൾ ആണ് പ്രാരംഭഘട്ടത്തിൽ ഉണ്ടായിരുന്നത്. 2008 ൽ രണ്ട് അഡീഷണൽ ബാച്ച് കൂടി അനുവദിക്കപ്പെട്ടതോടെ അഞ്ച് ബാച്ചുകൾ ഹയർസെക്കൻഡറിയിൽ ഇപ്പോൾ പ്രവർത്തിക്കുന്നു.

2000 ത്തിൽ സ്കൂൾ സ്ഥാപിച്ച ശ്രീ എം വി എം കുഞ്ഞിവിഷ്ണു നമ്പീശന്റെ ബഹുമാനാർത്ഥം വിദ്യാലയം എം വി എം കുഞ്ഞിവിഷ്ണു നമ്പീശൻ സ്മാരക ഗവൺമെൻറ് ഹയർസെക്കൻഡറി സ്കൂൾ എന്ന് പുനർനാമകരണം ചെയ്യപ്പെട്ടു. 2007-08 വർഷം ഈ വിദ്യാലയം സുവർണ്ണ ജൂബിലി വർഷമായി ആചരിക്കുകയും വിവിധങ്ങളായ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായി നാട്ടുകാരുടെയും പൂർവ്വവിദ്യാർഥികളുടെയും സഹായത്തോടെ സ്കൂളിൽ

ആധുനിക സൗകര്യത്തോടു കൂടിയ ഒരു കമ്പ്യൂട്ടർ ലാബ് സജ്ജീകരിക്കപ്പെട്ടു. ഹയർസെക്കൻഡറി കോംപ്ലക്സ് നിലവിൽ വന്നതോടുകൂടി ഭൗതിക സാഹചര്യങ്ങളുടെ കാര്യത്തിലുണ്ടായിരുന്ന കുറവിന് അല്പം ആശ്വാസമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ജനപ്രതിനിധികളും നൽകിയ ഫണ്ടുകളും മറ്റും ഉപയോഗിച്ച് അതാത് കാലത്തെ പിടിഎ കമ്മിറ്റികൾ നടത്തിയ മാതൃകാപരമായ വികസന പ്രവർത്തനങ്ങൾ ഈ വിദ്യാലയത്തെ ഇന്നത്തെ നിലയിൽ എത്തിച്ചിരിക്കുന്നു.

## വിദ്യാലയം ഇന്ന്

കണ്ണൂർ ജില്ലയിൽ കാങ്കോൽ ആലപ്പടമ്പ ഗ്രാമപഞ്ചായത്തിൽ മാത്തിലിൽ സ്ഥിതി ചെയ്യുന്ന ഈ വിദ്യാലയം പഞ്ചായത്തിലെ ഏക ഗവൺമെൻറ് ഹയർസെക്കൻഡറി സ്കൂൾ ആണ്. 5 മുതൽ 12 വരെ ക്ലാസുകളിലായി 1400 ൽ അധികം കുട്ടികൾ പഠിച്ചുവരുന്നു. അമ്പതിലധികം അധ്യാപകരും ഏഴ് അനധ്യാപകരും ഹയർസെക്കൻഡറിക്ക് പ്രിൻസിപ്പാളും ഹൈസ്കൂളിന് ഹെഡ്മാസ്റ്ററും മേധാവികളായി ഉണ്ട്. കാങ്കോൽ ആലപ്പടമ്പ പഞ്ചായത്തിൽ നിന്നു പൂർണമായും എരമം-കുറ്റൂർ, പെരിങ്ങോം വയക്കര, പയ്യന്നൂർ മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലെ ചില പ്രദേശങ്ങളിൽ നിന്നും കുട്ടികൾ പഠനത്തിനായി എത്തിച്ചേരുന്നു. മലമ്പ്രദേശമായതിനാൽ ഏറെ യാത്രാദുരിതം കുട്ടികൾ അനുഭവിക്കുന്നു.

വിദ്യാലയത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കാൻ പി ടി എ , എസ് എം സി , എസ് എസ് ജി തുടങ്ങിയ കമ്മറ്റികൾ പ്രവർത്തിച്ചു വരുന്നു. വിവിധ ഏജൻസികളിൽ നിന്നും വികസനത്തിനാവശ്യമായ ഫണ്ട് കണ്ടെത്താൻ ഈ കമ്മറ്റികൾ ശ്രമിച്ചു വരുന്നു.

# ഗ്രാമങ്ങൾ ഉണരുന്നു

എന്റെ കുഞ്ഞ് എന്നുള്ള സങ്കൽപ്പത്തിൽ നിന്ന് നമ്മുടെ കുഞ്ഞുങ്ങൾ എന്ന യാഥാർത്ഥ്യത്തിലേക്ക് നമ്മുടെ ഗ്രാമങ്ങൾ നീങ്ങുകയാണ്. കഴിഞ്ഞ കുറച്ചുവർഷങ്ങളായി ഓരോ പുതുവർഷവും ആരംഭിക്കുമ്പോൾ കാങ്കോൽ-ആലപ്പടമ്പ പഞ്ചായത്തിലെ ക്ലബ്ബുകളും വായനശാലകളും പാർട്ടിഓഫീസുകളും ചില വീടുകളും അമ്പലത്തിന്റെ അഗ്രശാലകളും പത്താം ക്ലാസ് പരീക്ഷയക്ക് തയ്യാറെടുക്കുന്ന കുട്ടികളെ വരവേൽക്കാൻ തയ്യാറാവുകയാണ്. എസ്. എസ് എൽ.സി പരീക്ഷയെ അഭിമുഖീകരിക്കുന്ന മുഴുവൻ കുട്ടികൾക്കും എല്ലാ വിഷയങ്ങളിലും A+കിട്ടണമെന്ന് ആഗ്രഹിച്ചുകൊണ്ട് സാമൂഹ്യപ്രവർത്തകരും രക്ഷിതാക്കളും നാട്ടുകാരും ഒരേ മനസ്സോടെ നിശാപാഠശാലകളിൽ കേന്ദ്രീകരിക്കുകയാണ്. ഇത് മറ്റൊരു നാട്ടിലും കാണുമെന്ന് തോന്നുന്നില്ല. ഗ്രാമത്തിന്റെ വിശുദ്ധിയും നൈർമല്യവും സ്നേഹവും സാഹോദര്യവും ഒത്തുചേർന്ന ഈ സ്നേഹക്കാഴ്ചകൾ കാലങ്ങളോളം തുടരുമെന്ന് പ്രത്യാശിക്കാം.

മിനി ടീച്ചർ

# എൻെറ മോഹം

പൂമ്പാറ്റയായി ഞാൻ പൂക്കളെക്കാണാഞ്ഞു_
പൊട്ടിക്കരഞ്ഞുകൊണ്ടോർത്തു
പാറിപ്പറക്കുന്ന ചെമ്പരുന്തായെങ്കിൽ
പാരിടമാകവെ ചുറ്റാം.
പാറിപ്പറക്കുന്ന ചെമ്പരുന്തായി ഞാൻ
മാമരം തേടിയലഞ്ഞു.
മാനത്തു മുട്ടുന്ന സൗധങ്ങളല്ലാതെ
മാമരം കാണുവാൻ ഒക്കതില്ല.
മാമരം വേണ്ടെന്നു വായിട്ടലയ്ക്കുന്ന
മാനുഷനാകുവാൻ ആഗ്രഹിച്ചു.
നാനാതരത്തിലും തമ്മിലടിച്ചപ്പോൾ
മാവേലി മന്നനെയോർത്തു.
ആരുമറിയാതെ മന്നനോടൊത്തുഞാൻ
പാതാളലോകത്തു ചെന്നു.
പൂക്കളെക്കണ്ടു ഞാൻ, പൂമ്പാറ്റയായി ഞാൻ,
പൂന്തേൻ നുകർന്നു രസിച്ചു.
മാനുഷനെത്താത്ത കാലം വരേയ്ക്കും ഞാൻ
മാനസം പൂത്തു വസിക്കും.......................

**നന്ദന എ. കെ**, 9B

# സ്നേഹിതാ............

അമ്പലത്തിൽ നിന്നും പാട്ട് വച്ചു.അടുക്കളയിൽ നിന്നും പാത്രങ്ങൾ കൂട്ടിമുട്ടുന്ന ശബ്ദം കേട്ടാണ് വിശാഖ് എഴുന്നേറ്റത്. പതിവുപോലെ പ്രഭാതകൃത്യങ്ങൾ ചെയ്തു. സ്കൂളിൽ പോകാൻ ഒരുങ്ങുകയാണ്. മുറ്റത്ത് ശക്തമായ കാറ്റും മഴയും. മുറ്റം മുഴുവനും വെള്ളത്താൽ നിറഞ്ഞൊഴുകുന്നു. അവൻ കുടയുംചൂടി പാടത്തിലൂടെ സ്കൂളിലേക്ക് നടന്നു പോയി. സ്കൂളിൽ ബെല്ലടി മുഴങ്ങി. കൂട്ടുകാരൻ ധനുഷിനെ കണ്ടില്ല. വിശാഖിന് വല്ലാത്ത ദു:ഖം വന്നു. എപ്പോഴും ഒരുമിച്ച് കളിച്ചും പഠിച്ചും സ്നേഹബന്ധം നിലനിർത്തിയ ചങ്ങാതിമാർ. ടീച്ചർ ഹാജർ വിളിച്ചു.

ധനുഷ് ധനുഷ്....

അവനെവിടെ പോയി? അവൻ വന്നില്ല എന്ന് ബാക്ക് ബെഞ്ചിൽ നിന്നും ശബ്ദമുയർന്നു. അന്ന് വിശാഖിന് വളരെ ടെൻഷനായി. അന്നത്തെ പഠനശേഷി ഇല്ലാതായതു പോലെ.

അവൻ സ്കൂൾ വേഗം വിടാൻ വേണ്ടി പ്രാർഥിച്ചു. ബെല്ലടിച്ച നിമിഷം അവൻ ധനുഷിൻെറ വീട്ടിലേക്ക് ഓടി. അവൻ ധനുഷിൻെറ അമ്മയോട് ചോദിച്ചു.

"ഇന്നെന്താ ധനുഷ് സ്കൂളിൽ വരാഞ്ഞത്.”

അവൻെറ മനസ്സിൽ വല്ലാത്ത പേടി തോന്നി.

"അവന് ഇന്ന് രാവിലെ തുടങ്ങിയ പനിയും ഛർദ്ദിയുമാ....ടീച്ചറോട് പറയണോട്ടോ..”ധനുഷിൻെറ അമ്മ പറഞ്ഞു.

"മോൻ ഉള്ളിൽ കയറ് ഇതെന്തിനാ പുറത്തുനിൽക്കുന്നേ..........

ധനുഷ് അകത്തുണ്ട്".

അവൻ ധനുഷിൻെറ റൂമിലേക്ക് നീങ്ങി. ഇന്നത്തെ സ്കൂൾ വിവരങ്ങൾ വിവരിച്ചുകൊണ്ടേയിരുന്നു. അതിനിടയിൽ അവൻ ചോദിച്ചു "നീ ആശുപത്രിയിൽ പോയോ?" അവൻെറ കണ്ണിൽ നിന്നും കണ്ണുനീർ ധാരാധാരയായി ഒഴുകാൻ തുടങ്ങി. അവൻ പതുക്കെ പറഞ്ഞു "ഇല്ല , അമ്മയുടെ കൈയ്യിൽ കാശില്ല" . വിശാഖ് വീട്ടിലേക്ക് ഓടി പ്പോയി. ഈ കാര്യങ്ങളൊക്കെ അമ്മയോട് പറഞ്ഞു. അമ്മയുടെ കയ്യിൽ നിന്നും പണം വാങ്ങി. അവൻ പണവും മേടിച്ച് ധനുഷിൻെറ വീട്ടിലേക്കോടി. പണം ധനുഷിനു കൊടുത്തു. അവൻ അപ്പോൾ തൻെറ സുഹൃത്തിൻെറ സ്നേഹം ഓർത്ത് വിതുമ്പി പോയി.

അവൻ ഡോക്ടറുടെ അടുത്തേക്ക് പോയി. രോഗം ശമിക്കാൻ തുടങ്ങി. അവർ രണ്ടുപേരും അവിടെ സൗഹൃദത്തിൻെറ വൻമതിൽ തീർത്തു.


**ഫാത്തിമത്ത് സഫ് ല വി.പി**, 8D

# തിര

മണൽത്തരിതൻ നെറുകിൽ ഉമ്മ
വെച്ചുകൊണ്ടേ മടക്കമാകുന്ന തിര
പാൽപ്പാത്രത്തിൽ നിന്നൊഴുകും
പാലരുവിയെപ്പോൾ നരപതയും
ആർത്തിരമ്പി രൗദ്രയായ്
വരും ഇവളെ ഭയക്കുമേവരും
എങ്കിലും ഭീമകരമാം കറുത്ത കോട്ട
യിൽത്തട്ടി ചിന്നിച്ചിതറിടുന്ന
ചിതറുമീ തിരയോ പെയ്യും വർഷമായ്
എന്നെയും ആർദ്രമാക്കീടുന്ന
പതുക്കെ ഇറങ്ങി നാം തീരത്താണ് ഓരത്തേക്ക്
കൂടെ കളിചിരികുസൃതിയുടെ ഓളവും
തീരത്തു മണ്ണപ്പമുണ്ടാക്കുമാക്കുരുന്നിൻ
നിഷ്കളങ്കതയും ബാല്യത്തിൻ ആഘോഷവും
മണൽതിട്ടയിൽ രചിച്ച മഹാകാവ്യവും
നോവലും യാത്രവിവരണവും
പക്ഷേ ക്ഷണഭംഗുരമാം ജീവിതമേ
എൻ ഭാവനയ്ക്ക്
മണൽത്തിട്ടകളോടൊപ്പമെൻ സർഗ്ഗ
സൃഷ്ടിയും അനന്തമാം അഗാധതയിലേക്ക്
അനര്ഘനിമിഷമേ തീരങ്ങളിൽ
മർത്ത്യന്റെ ജീവിതം മാധുര്യമാക്കുന്നൊരീ
തിരകളെ നമുക്ക് ലഹരി

**നന്ദന. കെ.എം**, 9A

# കൊറോണ വൈറസ്




മനുഷ്യൻ ഉൾപ്പെടെയുള്ള സസ്തനികളുടെ ശ്വാസനാളിയെ ബാധിക്കുന്ന വൈറസുകളാണ് കൊറോണ വൈറസുകൾ. ജലദോഷം, ന്യൂമോണിയ, സിവിയർ അക്യൂട്ട് റെസ്പിറേറ്ററി സിൻഡ്രോം ഇവയുമായി ബന്ധപ്പെട്ട ഈ വൈറസ് ഉദരത്തെയും ബാധിക്കാം.

ബ്രോങ്കൈറ്റീസ് ബാധിച്ച പക്ഷികളിൽ നിന്നും 1937 ലാണ് ആദ്യമായി കൊറോണ വൈറസിനെ തിരിച്ചറിഞ്ഞത്. സാധാരണ ജലദോഷത്തിന് 15% മുതൽ 30% വരെ കാരണം ഈ വൈറസുകളാണ്. കഴിഞ്ഞ 70 വർഷങ്ങളായി കൊറോണ വൈറസ് എലി, പട്ടി, പൂച്ച, ടർക്കി, കുതിര, പന്നി, കന്നുകാലികൾ ഇവയെ ബാധിക്കാമെന്ന് ശാസ്ത്രജ്ഞർ കണ്ടെത്തി. അതായത് ഇത്തരം വൈറസുകൾ പൊതുവേ

മൃഗങ്ങളിൽ നിന്നുമാണ് മനുഷ്യരിലേക്ക് പകരുന്നത്. ചുമയ്ക്കുമ്പോഴും തുപ്പുമ്പോഴും ശരീരദ്രവങ്ങളുമായി സമ്പർക്കമുണ്ടാകുമ്പോഴും പകരുന്ന ഈ രോഗം ചിലപ്പോൾ ന്യുമോണിയ, സാർസ്, വൃക്കസ്തംഭനം തുടങ്ങിയ ഗുരുതര പ്രശ്നങ്ങളിലേക്ക് നയിക്കാനും മരണകാരണമാകാനും സാധ്യതയുണ്ട്.

## കൊറോണ വൈറസ് - വസ്തുതകൾ

1. സാധാരണ ജലദോഷം സുഖപ്പെടുത്താനാവില്ല.
2. SARS, MERS ഇവയ്ക്ക് കാരണമാകും.
3. വ്യത്യസ്തയിനം ജീവി വർഗങ്ങളെ ഇതു ബാധിക്കും.
4. മനുഷ്യനെ ബാധിക്കുന്ന ആറിനം കൊറോണ വൈറസുകളെ ഇതുവരെ തിരിച്ചറിഞ്ഞു.
5. ചൈനയിൽ നിന്ന് പടർന്നു പിടിച്ച സാർസ് 37 രാജ്യങ്ങളിലെ 774 പേരുടെ ജീവനെടുത്തു.

## എന്താണ് കൊറോണ വൈറസ്?

ജലദോഷം ബാധിച്ചവരുടെ മൂക്കിൽ നിന്നാണ് ഹ്യൂമൻ കൊറോണ വൈറസുകളെ ആദ്യമായി തിരിച്ചറിഞ്ഞത്. 1960 കളിൽ ആദ്യമായി തിരിച്ചറിഞ്ഞത്. 1960 കളിൽ ആയിരുന്നു ഇത്. OC43, 229E എന്നീ രണ്ടിനം വൈറസുകളാണ് ജലദോഷത്തിന് കാരണം.

കിരീടം പോലുള്ള ചില പ്രൊജക്ഷനുകൾ അവയിൽ ഉള്ളതുകൊണ്ടാണ് അവയ്ക്ക് കൊറോണ വൈറസ് എന്ന പേരു വന്നത്.ലാറ്റിൻ ഭാഷയിൽ കൊറോണ എന്നാൽ ക്രൗൺ ആണ്.

മനുഷ്യനിൽ തണുപ്പുകാലത്തും വസന്തത്തിൻെറ

തുടക്കത്തിലുമാണ് അണുബാധയ്ക്ക് സാധ്യത. ജലദോഷം വന്ന ശേഷം വീണ്ടും വൈറസ് പിടിപെടാം. ദീർഘകാല കൊറോണ വൈറസ് ആന്റിബോഡികൾക്ക് നിലനിൽക്കാൻ സാധിക്കില്ല.

## ലക്ഷണങ്ങൾ

കൊറോണ വൈറസ് ബാധിച്ചാൽ രണ്ടു മുതൽ നാലു ദിവസം വരെ പനിയും ജലദോഷവും ഉണ്ടാകും. കൂടാതെ തുമ്മൽ, മൂക്കൊലിപ്പ്, ക്ഷീണം, ചുമ, തൊണ്ടവേദന, ആസ്മ ഇവയും ഉണ്ടാകാം.

ചികിൽസിച്ച ഭേദമാക്കാൻ സാധ്യമാകാത്തിനാൽ ചില കാര്യങ്ങൾ ശ്രദ്ധിക്കണം. വിശ്രമിക്കുക, ധാരാളം വെള്ളം കുടിക്കുക, പുകവലി ഒഴിവാക്കുക, പുക ഏൽക്കാതിരിക്കുക, പനിയും വേദനയും കുറക്കാൻ acetaminophen / naproxen ഇവ കഴിക്കുക.

## എങ്ങനെയാണ് പടരുന്നത്?

1. വായപൊത്തിപിടിക്കാതെ ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴും എല്ലാം വായുവിൽ തെറിക്കുന്ന തുള്ളികളിലൂടെ പടരും.
2 . വൈറസ് ബാധിച്ച ഒരാളെ സ്പർശിക്കുകയോ അയാൾക്ക് ഹസ്തദാനം നൽകുകയോ ചെയ്യുകവഴി ഒരാളിൽ നിന്നും മറ്റൊരാളിലേക്ക് പടരും

3. വൈറസ് ഉള്ള ഒരു വസ്തുവിലോ പ്രതലത്തിലോ തൊട്ടിട്ട് , ആ കൈകൊണ്ട് മൂക്കിലോ കണ്ണിലോ വായിലോ തൊട്ടാൽ

**ദിജ. ടി. വി**, 9C

# ചിറകില്ലാമൗനങ്ങൾ

ധ്യാനത്തിലമർന്ന
മരമുനിമാരെല്ലാം
ചില നേരങ്ങളിൽ
ചിറകുകൾ കൊതിക്കാറുണ്ട്.
മുകളിലേക്ക്,
വശങ്ങളിലേക്ക്
ചില്ലകളുയർത്തി,ചെരിച്ച്
നിവർന്നു പടരുമ്പോഴെല്ലാം
ചലനത്തിൻറെ അനന്തത
കിനാവ് കാണാറുണ്ട്.
കാറ്റിൻറെ  തോളിൽ കൈയിട്ട്
കറങ്ങി നടക്കാൻ വെമ്പാറുണ്ട്
അനക്കമറ്റ,ഒരടി നീങ്ങാത്ത
മരവിപ്പിനെ ശപിക്കാറുണ്ട്
ഒരു കിളി വന്ന് തൊടുമ്പോൾ
ഉടലാകെ ഇക്കിളിപ്പൂക്കൾ വിരിയാറുണ്ട്
പൂമ്പാറ്റയെ, അപ്പൂപ്പൻ താടിയെ
നോക്കി അസൂയപ്പെടാറുണ്ട്
കൊതിയടക്കാനാവാതെയാണ്
മരമൗനമോഹങ്ങൾ
ഒടുവിലൊരുനാൾ ഞെട്ടറ്റ്
താഴേക്ക് താഴേക്ക് ഒഴുകിവീഴുന്നത്.

ബദറുന്നിസ ടീച്ചർ

# സ്നേഹ നിധിയായ അമ്മ

അപ്പു എന്ന കൊച്ചുകുട്ടിക്ക് ഏറേ പ്രിയപ്പെട്ടത് അവൻെറ അമ്മയാണ്. അത് കഴിഞ്ഞെ അവന് അവൻെറ അച്ഛനോടും സഹോദരനോടും പോലും സ്നേഹമുള്ളു. അമ്മ എന്നു പറഞ്ഞാൽ അപ്പുവിന് ജീവനാണ്.അമ്മയെന്തുപറഞ്ഞാലും അവൻ അനുസരിക്കും. അവൻ തെറ്റ്ചെയ്തു് അവൻെറ അമ്മ അവനെ ശിക്ഷിച്ചാലും അത് അവൻ അമ്മയുടെ വാത്സല്യത്തിൻെറ ഒരു നോവായി മാത്രമേ കരുതുകയുള്ളൂ. അവനെ അമ്മ ഒന്ന് അടിച്ചാൽ ഉടൻ തന്നെ അപ്പു അമ്മയ്ക്കരികിൽ പോയി കെട്ടിപ്പിടിച്ച് പറയും "അമ്മ എന്നെ തല്ലിയതിൽ വിഷമിക്കരുത് ഞാൻ തെറ്റ് ചെയ്തതിനാൽ അല്ലേ, ഇത് തെറ്റ് തിരുത്താനുള്ള മാർഗമായി കരുതിക്കൊള്ളാം.'' അമ്മയുടെ കണ്ണ് നിറഞ്ഞു പിന്നീടൊരിക്കലും അപ്പുവിന് ഇങ്ങനെയൊരു തെറ്റ് ചെയ്യാൻ തോന്നിയില്ല. ഓരോ തെറ്റുകളിലേക്ക് വഴുതിവീഴുമ്പോഴും അപ്പുവിൻെറ മനസ്സിലേക്ക് അമ്മയുടെ മുഖം തെളിഞ്ഞു വരും. അമ്മയെ അവൻ നല്ലതുപോലെ സ്നേഹിച്ചു. അവൻ അമ്മയെ ബുദ്ധിമുട്ടിക്കാറില്ല.

അപ്പുവിനോട് അമ്മ വയസ്സായപ്പോൾ ഒരു കാര്യം പറയട്ടെ എന്ന് ചോദിച്ചു. അപ്പു പറഞ്ഞു പറ അമ്മേ. "എനിക്ക് വയസ്സ് ഏറേ ആയില്ലേ നീ എന്നെ കുറേകാലം വേദനയൊന്നും അറിയിക്കാതെ നോക്കിയില്ലേ............ഇനി അമ്മ നിന്നെ ബുദ്ധിമുട്ടിക്കുന്നില്ല, അമ്മയെ എവിടെയെങ്കിലും കൊണ്ടുപോയി വിട്ടോളൂ....''. അപ്പു പറഞ്ഞു "അമ്മേ ഇത് മാത്രം ഞാൻ അനുസരിക്കില്ല..അപ്പു പറഞ്ഞു ഞാൻ അമ്മയെ ഉപേക്ഷിക്കുകയില്ല.

**അജിഷ പി. വി, 9A**

# മാതൃഭാഷ

മലയാള ഭാഷതൻ മാറിൽ തലോടി
മലയാള മങ്കതൻ മനസ്സിൽ പതിച്ച
അത് മലയാളം അത് മലയാളം അത് മലയാളം

മലയാള കീർത്തിതൻ ലോകമെമ്പാടും
മലയാളം ആണെൻെറ മാതൃഭാഷ

മലയാള ഭാഷതൻ മനസ്സിൽ തലോടി
മലയാളം മലയാളം  എന്ന് ജപിച്ച

മനുഷ്യപുത്രനും മനുഷ്യപുത്രിയും
എല്ലാവരും നിറഞ്ഞനാടാണെൻെറ കേരളം

ലോകമെമ്പാടും നിറഞ്ഞ ഭാഷതൻ
ലോകത്തിൽ എപ്പോഴും നിറഞ്ഞ ഭാഷതൻ
ആലോലം കല്ലോലം നിറഞ്ഞു കഴിഞ്ഞു
മലയാളം മലയാളം ആണെൻെറ മാതൃഭാഷ

ആവോളം ആവോളം നിറഞ്ഞ ഭാഷതൻ
മലയാള ഭാഷതൻ ഖിന്നി പതിച്ച
മാറോടു ചേർത്തു എൻ മാതൃഭാഷ
മാറോടു ചേർത്തു എൻ മാതൃഭാഷ

**സയന കെ.വി, 8D**


# ചങ്ങാതി


കൂട്ടുകാരായിരുന്നു മിട്ടു മാനും മിങ്കു കുരങ്ങനും. ഒരു ദിവസം മിട്ടുമാൻ പുല്ല് തിന്നുകൊണ്ടിരിക്കുകയായിരുന്നു. പെട്ടെന്ന് ചെമ്പൻ കടുവ മാനിനെ പിടിക്കാൻ വന്നു. ഇത് മിട്ടു മാനിൻെറ കൂട്ടുകാരനായ മിങ്കു കുരങ്ങൻ കാണുന്നുണ്ടായിരുന്നു. മിങ്കു ഇരുന്ന മരം ഒരു മാങ്ങ മരമായിരുന്നു. അവൻ മാങ്ങ പറിച്ച് ചെമ്പനു നേരെ എറിയാൻ തുടങ്ങി. ശബ്ദം കേട്ട മിട്ടു മാൻ പുല്ലുകൾക്കിടയിൽ ഒളിച്ചിരുന്നു. ചെമ്പൻ മാനിനെ കാണാതെ അവിടെ നിന്ന് നടന്നു പോയി. മിട്ടുമാൻ മിങ്കു കുരങ്ങനോട് നന്ദി പറഞ്ഞു.

**അഫ്റ പി, 5A**

# കൊച്ചു വരകൾ




Nived, 5C
Nived


Sradha Rajeev, 5 C


Theja Lakshmi, 5 C


Fathimath Ramseena N, 9 D


# APJ ABDUL KALAM:

# The Missile Man

*"Dream Dream Dream*

*Dreams transform you to thoughts*

*And thoughts result in action "*



**Avul Pakir Jainulabdeen Abdul Kalam** 15 October 1931 – 27 July 2015) was an aerospace scientist who served as the 11 th President of India from 2002 to 2007. He was born and raised in Rameswaram, Tamil Nadu and studied physics and aerospace engineering. He spent the next four decades as a

scientist and science administrator, mainly at the Defence Research and Development Organisation (DRDO) and Indian Space Research Organisation (ISRO) and was intimately involved in India's civilian space programme and military missile development efforts. He thus came to be known as the *Missile Man of India* for his work on the development of ballistic missile and launch vehicle technology. He also played a pivotal organisational, technical, and political role in India's *Pokhran-II* nuclear tests in 1998, the first since the original nuclear test by India in 1974.

Kalam was elected as the 11th President of India in 2002 with the support of both the ruling Bharathiya Janatha Party and the then-opposition Indian National Congress. Widely referred to as the "People's President", he returned to his civilian life of education, writing and public service after a single term. He was a recipient of several prestigious awards, including the Bharat Ratna, India's highest civilian honour.

While delivering a lecture at the Indian Institute of management , Shillong, Kalam collapsed and died from an apparent cardiac arrest on 27 July 2015, aged 83. Thousands including national-level dignitaries attended the funeral ceremony held in his hometown of Rameshwaram, where he was buried with full state honours.

**Revathi Ramachandran, 9C**

# കൊറോണ:

# ചെറുക്കാം ഒറ്റക്കെട്ടായി

നിഡോവൈറലസ് എന്ന നിരയിൽ കൊറോണ വൈരിഡി എന്ന കുടുംബത്തിൽ പെട്ട വൈറസുകളാണ് കൊറോണ വൈറസുകൾ. ഇന്ന് ഈ വൈറസുകൾ നമ്മുടെ ജീവിതം ഏറെ ദുർഘടമായ സാഹചര്യങ്ങളിലേക്ക് എത്തിച്ചിരിക്കുന്നു. ഡിസംബർ ആദ്യവാരം ചൈനയിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ഈ വൈറസുകളുടെ സാന്നിധ്യം പിന്നീട് ശ്വാസകോശ അണുബാധയുടെ രൂപത്തിലാണ് ജനസാഗരനടുവിലേക്ക് എത്തിയത്. ബ്രോങ്കൈറ്റിസ് ബാധിച്ച പക്ഷികളിൽ നിന്നു 1937 ലാണ് ആദ്യമായി കൊറോണ വൈറസിനെ തിരിച്ചറിഞ്ഞത്. കഴിഞ്ഞ 70 വർഷങ്ങളായി കൊറോണ വൈറസ് എലി, പട്ടി, പൂച്ച, ടർക്കി, കുതിര, പന്നി, കന്നുകാലികൾ ഇവയെ ബാധിക്കാമെന്ന് ശാസ്ത്രജ്ഞർ കണ്ടെത്തി. അതായത് ഇത്തരം വൈറസുകൾ പൊതുവെ മൃഗങ്ങളിൽ നിന്നുമാണ് മനുഷ്യരിലേക്ക് പടരുന്നത്. ചുമയ്ക്കുമ്പോഴും തുപ്പുമ്പോഴും ശരീരദ്രവങ്ങളുമായി സമ്പർക്കമുണ്ടാകുമ്പോഴും പകരുന്ന ഈ രോഗം ചിലപ്പോൾ ന്യൂമോണിയ, സാർസ്, വൃക്കസ്തംഭനം തുടങ്ങിയ ഗുരുതരപ്രശ്നങ്ങളിലേക്ക് നയിക്കാനും മരണകാരണമാകാനും സാധ്യതയുണ്ട്. വൈറസ് ബാധിച്ചാൽ മറ്റുള്ളവരിലേക്ക് പടരുന്നത് ഒഴിവാക്കാൻ ശ്രമിക്കുകയും മറ്റുള്ളവരുമായി സമ്പർക്കം പുലർത്താതെ ഇരിക്കുകയും വേണം. ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴും എല്ലാം ഒരു തുവാല ഉപയോഗിച്ച് മൂക്കും വായും മൂടുക. ഇതും കൊറോണ വൈറസിൻെറ വ്യാപനം തടയും.

കൂടാതെ സാമൂഹ്യമാധ്യമങ്ങളിലൂടെ പ്രചരിച്ചു വരുന്ന തെറ്റിദ്ധാരണകളുണർത്തുന്ന വാർത്തകൾ കേട്ട് ഭയപ്പെടുന്നതിനു പകരം രോഗപ്രതിരോധ പ്രവർത്തനങ്ങളിലും ശുചിത്വ ബോധവൽക്കരണ പ്രവർത്തനങ്ങളിലും ഒറ്റക്കെട്ടായി നിന്ന് നമ്മുടെ സജീവപങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് ആരോഗ്യ പൂർണ്ണമായ ഭാവി പടുത്തുയർത്താനുള്ള യജ്ഞത്തിലായിരിക്കണം നമ്മൾ ഏവരും.

**നന്ദന കെ . എം**, 9A

# The Effects of Social Media on Students Essay

Social media, however, has a negative aspect due to the fact that it affects relationships with others, people easily get distracted, and it may cause cyber bullying.

According to researchers, social media is affecting the way kids look at friendship and intimacy. Patricia Greenfield, a UCLA developmental psychologist says that teens' ideas of friendship have been influenced by their immersion in the on-line world since young people feel socially supported by having large networks of on-line friends.

This results in a decline in intimate friendships. Instead, many young people now derive personal support and affirmation from 'likes' and feedback to their postings.

Other research at UCLA shows that teen's preferred mode of communication, texting, makes them feel less connected than face-to-face communication. In the studies of various forms of communication between friends, the closer the experience was to in-person conversation, the more connected the friends felt. For example, video chat rates higher than a phone call, but the phone creates a closer connection than texting. As one can see, the

influence social media has on teenagers cause them to view the relationships they share with others differently. Not only does social media affect relationships, it also distracts others from what they are doing.

Many people can say that social media is one of the most common ways of a distraction for students. It has an effect that is both harmful to the productivity of students and has been proven to decrease the student's grades academically. Networks such as Instagram, Twitter, or Facebook are very hard to ignore since there are constantly new information being updated, like pictures being posted and status updates of friends. Now, many students are admitting that social media networks are the cause to their grades suffering.ty Study's co-writer. Since social media networks are accessible to anyone that has a smartphone, people can easily get sidetracked and lose a lot of time without even noticing. Students are not realizing the harm they are doing when they are taking thirty minutes to check their accounts when they are really supposed to be focusing on schoolwork. To summarize, social networks are causing a disturbance in students' focus.

Another critical thing that social media allows others to do are becoming cyber bullies. The introduction of social media has brought about the unfortunate rise of cyber bullying; a social concern that has taken previous forms of harassment to a whole new level. Users who would ordinarily avoid confrontation for fear of physical or lawful reprisals find themselves free to act online as they wish, insulting and harassing others without

consequence. The masked identity that the Internet gives also causes other concerns for the victim, with the unknown identity of the bully causing a heightened sense of stress and anxiety.

In contrast to traditional types of bullying, cyber bullying allows those on the Internet to post personal information. This is much worse than a face-to-face type of scenario because online activity is permanent, meaning that it will always stay on the Internet, allowing hundreds or even thousands of people being able to view it. The views being untraceable, and the ready available access to 'share', victims are surrounded by a mass scale of humiliation. There is no doubt that cyber bullying is a horrible thing people can do through social media.

Teenagers across the world may believe that social media has a positive impact on their lives because it makes communication with friends quick and easy, however, it takes away meaningful relationships. Now, people prefer communicating through the touch of their fingertips, and not face-to-face interaction, which is much less meaningful. You might also think that social media allows you to make new friends, but in reality you may never know who is behind that computer screen. People have the ability to become a different persona and escape their reality and create an altered image of them online. Proponents of social media might say that it makes them feel better about themselves, but that is not the case. People who use social networking sites are prone to social isolation. Social networking can exacerbate feelings of disconnect, and put children

at higher risk for depression, and low self-esteem.

Social media has a damaging effect on the lives of students' since it can negatively affect relationships with others, cause them to be inattentive, and can get cyber bullied. Students will always have the choice of how well they do in school. They are in control of their own grades, and what they want to retain. Having the perfect balance between a social media network and schoolwork can be achieved through self-discipline and suitable scheduling. Students need to start changing their habits of how much time they spend on social media. Digital communication in itself is not a bad thing, but if one is losing out on opportunities to connect with people as well as they can, then that is a problem. Next time, one can make a difference by just being a little more mindful of a person and call those out that are behaving negatively.

**Sivadarsarna. K.V, 9C**

# Eldo Thomas's Photography







ELDO THOMAS PHOTOGRAPHY
ELDO THOMAS PHOTOGRAPHY


||ELDO THOMAS PHOTOGRAPHY||




FRIENDS
Eldo Thomas
PHOTOGRAPHY


Thank You
Eldo Thomas
PHOTOGRAPHY
eldothomas_photography